| 11-12-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - എല്ലാവർക്കും ജീവന്മുക്തിയുടെ മന്ത്രം നൽകുന്ന സദ്ഗുരുവിന്റെ കുട്ടികളായ നിങ്ങൾ ഗുരുവാണ്, നിങ്ങൾക്ക് ഈശ്വരനെ കുറിച്ച് ഒരിക്കലും അസത്യം പറയാൻ കഴിയില്ല.**

**ചോദ്യം:-** സെക്കന്റിൽ ജീവന്മുക്തി പ്രാപ്തമാക്കുന്നതിന്റെ വിധിയും അതിന്റെ മഹിമയും എന്താണ് ?
**ഉത്തരം:-** സെക്കന്റിൽ ജീവന്മുക്തി പ്രാപ്തമാക്കുന്നതിന് പ്രവർത്തിമാർഗത്തിലിരുന്നും കമലപുഷ്പസമാനം പവിത്രമായി ഇരിക്കൂ. ഈ ഒരേയൊരു ജന്മത്തിൽ പവിത്രതയുടെ പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ ജീവന്മുക്തി നേടും. ഇതിനെ കുറിച്ച് തന്നേയാണ് ജനക മഹാരാജാവിനെ ഉദാഹരണമാക്കി ഇങ്ങിനെ പാടുന്നത് ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് ഒരു സെക്കന്റിന്റെ പ്രതിജ്ഞയുടെ ആധാരത്തിൽ ജീവന്മുക്തി നേടി എന്ന്.

**ഗീതം:-** ഈ സമയം പൊയ്ക്കൊണ്ടിരിക്കുന്നു........

**ഓം ശാന്തി.** ബാബ വന്നിരിക്കുകയാണ് എല്ലാവർക്കും സെക്കന്റിൽ ജീവന്മുക്തി നൽകുന്നതിനായി. എല്ലാവരുടേയും സദ്ഗതിദാതാവും, ജീവന്മുക്തിദാതാവും ഒന്ന് തന്നെ എന്ന് മഹിമ പാടാറുണ്ട്. എന്ത് കൊണ്ടാണ് ഒരു സെക്കന്റിൽ ജീവന്മുക്തി എന്ന് പറയുന്നത്? ജനക രാജാവിന്റെ ഉദാഹരണം പോലെ. അദ്ദേഹത്തിന്റെ പേര് ജനകൻ എന്നായിരുന്നു എന്നാൽ ഭാവിയിൽ അദ്ദേഹം തന്നേയാണ് അനുജനകനാകുന്നത് (ഭാവിയിൽ വീണ്ടും ജനകനാകുന്നത്). ജനകന് സെക്കന്റിൽ ജീവന്മുക്തി ലഭിച്ചു എന്ന് പറയാറുണ്ട്, എന്നാൽ ജീവന്മുക്തി സത്യ ത്രേതായുഗത്തിലാണ് പറയുക. ഗുരുക്കന്മാർ ചെവിയിൽ മന്ത്രം പറയാറുണ്ട്, അതിനെ വശീകരണ മന്ത്രം എന്നും പറയാറുണ്ട്. അവരെല്ലാം മന്ത്രങ്ങൾ നൽകാറുണ്ട് എന്നാൽ നിങ്ങൾക്ക് മഹാമന്ത്രമാണ് ലഭിക്കുന്നത്, ജീവന്മുക്തിയുടെ മന്ത്രം. ഈ മന്ത്രം ആരാണ് നൽകുന്നത്? ബ്രഹ്മാകുമാർ -കുമാരിമാർ. അവർക്കീ മന്ത്രം എവിടെ നിന്നാണ് ലഭിക്കുന്നത്? ആ സദ്ഗുരുവിൽ നിന്ന്. ഒരേയൊരു ബാബയാണ് സർവ്വോത്തമൻ. പിന്നീട് നിങ്ങൾ കുട്ടികൾ സർവ്വോത്തമരാകുന്നു. അവരിൽ സർവ്വോത്തമ ഗുരുവുമുണ്ടാകും. സദ്ഗുരുവിന്റെ കുട്ടികളായ നിങ്ങളും ഗുരുവാണ്. ഗീത കേൾപ്പിക്കുന്നവരേയും ഗുരു എന്ന് പറയാറുണ്ട്. സംഖ്യാ ക്രമം ഉണ്ടാകുക തന്നെ ചെയ്യും. നിങ്ങളും സത്യം പറയുന്ന ഗുരുവാണ്. നിങ്ങളൊരിക്കലും ഈശ്വരനേ കുറിച്ച് കളവ് പറയാറില്ല. ഏറ്റവും ആദ്യം നിങ്ങൾ പവിത്രതയുടെ കാര്യമാണ് മനസിലാക്കി കൊടുക്കുന്നത് അതായത് ഞങ്ങളൊരിക്കലും വികാരത്തിൽ പോകില്ല എന്ന് പ്രതിജ്ഞ ചെയ്യൂ. കളവ് പറയുന്നതും മറ്റും ഒരു സാധാരണ കാര്യമായിരിക്കുന്നു. കള്ളത്തരങ്ങൾ വളരെ പേരിൽ നിന്ന് വന്ന് കൊണ്ടിരിക്കുന്നു. എന്നാൽ ഇവിടെ ആ കാര്യമില്ല. ഇവിടെ പവിത്രതയുടെ കാര്യമാണ്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും ഈ അന്തിമ ജന്മത്തിൽ ഞങ്ങൾ കമല പുഷ്പ സമാനം പവിത്രമായിരിക്കും എന്ന് ബാബയോട് പ്രതിജ്ഞ ചെയ്യുന്നു. ഇവിടെ പവിത്രമായിരിക്കുക എന്നതാണ് കാര്യം. ഇത് വളരെ വലിയ ലക്ഷ്യമാണ്, ഇത് അസാധ്യമാണ് എന്ന് അവർ പറയും. എന്ത് കൊണ്ട് സാധിക്കില്ല എന്ന് നിങ്ങൾ ചോദിക്കും. കമല പുഷ്പസമാനം..... എന്ന് പാടിയിട്ടുമുണ്ട് ഇത് ശാസ്ത്രങ്ങളിൽ എഴുതി വെച്ചിരിക്കുന്നു. തീർച്ചയായും ബാബ തന്നേയാണ് ഈ ശിക്ഷണം നൽകുന്നത്. ഭഗവാൻ ഉച്ചരിച്ചത് തന്നെയാണ്, ബ്രാഹ്മണരുടെ വാക്കുമാണ്. ഭഗവാൻ എല്ലാവരേയും കേൾപ്പിക്കുന്നില്ല. ബ്രാഹ്മണ കുട്ടികൾ തന്നെയാണ് കേൾക്കുന്നത്. ഈ കാര്യങ്ങൾ നിങ്ങൾ എല്ലാവർക്കും മനസിലാക്കി കൊടുക്കണം. പ്രധാന കാര്യം പവിത്രതയാണ്. ജനകനേപോലെ കമല പുഷ്പസമാനം പവിത്രമാകണം. അതേ ജനകനാണ് പിന്നീട് അനുജനകനാകുന്നത്. രാധ അനുരാധയാകുന്നത് പോലെ. ആരുടേയെങ്കിലും പേര് നാരായണൻ എന്നാണെങ്കിൽ ഭാവിയിൽ അനുനാരായണനാകുന്നു. ഇത് കൃത്യമായ കാര്യമാണ്. ആര് വരികയാണെങ്കിലും അവർക്ക് മനസിലാക്കി കൊടുക്കണം. സെക്കന്റിൽ ജീവന്മുക്തി എന്ന് കേട്ടിട്ടുണ്ട്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് ഉയർന്ന പദവി നേടുന്നു. ഞങ്ങൾ അനുഭവത്തിൽ നിന്ന് പറയുകയാണ്, പൊഴി പറയുകയല്ല. ഭഗവാനുവാച - മുഖ്യ കാര്യം മനസിലാക്കി കൊടുക്കണം - ഭഗവാൻ എല്ലാവരുടേയും അച്ഛനാണ്. തീർച്ചയായും ജീവന്മുക്തി ദാതാവും ആ ഭഗവാൻ തന്നെയാണ്. ഇത് പ്രവൃത്തി മാർഗമാണ്. സന്യാസിമാരുടേത് നിവൃത്തി മാർഗമാണ്. അവർക്കൊരിക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. അവർ വീടും കുടുംബവും ഉപേക്ഷിച്ച് ഓടി പോകുന്നവരാണ്. അവർക്ക് ജ്ഞാനം നൽകാൻ സാധിക്കില്ല, ഇത് രാജയോഗമാണ്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും കമല പുഷ്പ സമാനം പവിത്രമായിരിക്കണം. സത്യയുഗത്തിൽ ഭാരതം പവിത്ര പ്രവൃത്തി മാർഗത്തിലായിരുന്നു, നിർവികാരി ലോകമായിരുന്നു. രാജ്യപദവിയിൽ സ്ത്രീയും

പുരുഷനും വേണം. അതിനാൽ ഞങ്ങൾ അനുഭവികളാണ് എന്ന് മനസിലാക്കി കൊടുക്കണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് കമലപുഷ്പസമാനം പവിത്രമായിരിക്കാൻ സാധിക്കും. പവിത്രമായി ബാബയിലൂടെ പവിത്ര ലോകത്തിന്റെ അധികാരിയാകുന്നു എന്ന് ഞങ്ങൾക്കറിയാം. പവിത്ര പ്രവർത്തി മാർഗമായിരുന്നു. ഇപ്പോൾ അപവിത്ര പ്രവൃർത്തി മാർഗമാണ്. ഈ ലോകം ഭ്രഷ്ടാചാരിയാണ്. അത് ശ്രേഷ്ഠാചാരീ ലോകമായിരുന്നു. രാവണൻ ഭ്രഷ്ടാചാരിയാക്കുന്നു, രാമൻ ശ്രേഷ്ഠാചാരിയാക്കുന്നു. അരകൽപ്പം രാവണരാജ്യമാണ് നടക്കുന്നത്. ഭ്രഷ്ടാചാരീ ലോകത്ത് ഭക്തിമാർഗമാണ്. ദാനപുണ്യങ്ങളും മറ്റും ധാരാളം നടത്തി കൊണ്ടിരിക്കുന്നു കാരണം ഭ്രഷ്ടാചാരമാണ്. മനുഷ്യൻ ഭക്തി, ദാനപുണ്യങ്ങൾ ചെയ്യുകയാണെങ്കിൽ ഭഗവാനെ ലഭിക്കും എന്ന് മനസിലാക്കുന്നു. ഭഗവാന്റെ ഭക്തി ചെയ്യുന്നു. വന്ന് ഞങ്ങളെ ശ്രേഷ്ഠരാക്കൂ എന്ന് പറയുന്നു. ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു. ഇപ്പോഴല്ല.

ഭ്രഷ്ടാചാരികൾ തന്നേയാണ് ശ്രേഷ്ഠാചാരിയാകുന്നത്. ഭാരതത്തിന്റെ പുതിയ രചനയുടെ കഥ ആർക്കും അറിയില്ല. ചിത്രങ്ങളിലൂടെ വളരെ നന്നായി മനസിലാക്കി കൊടുക്കാൻ സാധിക്കും. അങ്ങിനേയുള്ള ചിത്രങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഓരോ സെന്ററിലും പ്രദർശിനിയുടെ ചിത്രം ഉണ്ടാകണം. ബാബ നിർദ്ദേശം നൽകുന്നു ഞങ്ങളുടെ കൈയ്യിൽ ചിത്രമില്ല എന്ന് എഴുതൂ, അപ്പോൾ ബാബ ഇത് ഉണ്ടാക്കൂ എന്ന് നിർദ്ദേശിക്കും പിന്നീട് എല്ലാവർക്കും അയക്കുകയാണെങ്കിൽ എല്ലാവരുടെ പക്കലും പ്രദർശിനി ഉണ്ടാകും. ഈ ചിത്രം വളരെ അർത്ഥമുള്ളതാണ്. ഏറ്റവും ആദ്യം ഞങ്ങൾ ബാബയുടെ കുട്ടികളാണ് എന്ന് ബുദ്ധിയിൽ ഉണ്ടാകണം. സ്വർഗ്ഗം രചിക്കുന്നത് ഭഗവാനാണ്. നരകത്തിന്റെ രചയിതാവ് രാവണനാണ്. ഭൂഗോളത്തിന് മുകളിൽ 10 തലയുള്ള രാവണന്റെ ചിത്രം ഉണ്ടാക്കൂ. സ്വർഗത്തിന്റെ ഗോളത്തിൽ ചതുർഭുജനും. ഇത് രാവണരാജ്യം, ഇത് രാമരാജ്യം എന്ന് എഴുതുകയും ചെയ്യാം. ഈ സമയം രാവണൻ സർവ്വവ്യാപിയാണ്. അവിടെ നമ്മൾ രാമനെ സർവ്വവ്യാപി എന്ന് പറയില്ല. മഹിമ പാടാറുണ്ട് – ആത്മാവും പരമാത്മാവും വളരെ കാലം വേറിട്ടിരുന്നു പിന്നെ സദ്ഗുരുവിനെ ദല്ലാളായി ലഭിച്ചു സുന്ദര മേള നടത്തി. എങ്കിൽ തീർച്ചയായും വരിക തന്നെ ചെയ്യും. ഈ കണക്ക് ആർക്കും അറിയില്ല. ഏറ്റവും ആദ്യം വേറിട്ട് പോകുന്നത് ദേവീ ദേവതമാരുടെ ആത്മാവാണ്. ഇത് ജ്ഞാനമാണ്, ആർക്കും മനസിലാക്കി കൊടുക്കാം. ആത്മാക്കളുടെ അച്ഛനല്ലേ. ആത്മാക്കളേ, ഇപ്പോൾ തങ്ങളുടെ പരമപിതാപരമാത്മാവിന്റെ കർത്തവ്യം പറയൂ. എന്താ അറിയില്ലേ? അച്ഛന്റെ ജോലി അറിയാത്ത കുട്ടികളുണ്ടാകില്ല. ബാബ ഇരുന്ന് മനസിലാക്കി തരുന്നു നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങൾ അറിയില്ലാ എങ്കിൽ ഞാനിരുന്ന് മനസിലാക്കി തരാം. ഏറ്റവും ആദ്യം ദേവീ ദേവതമാരായിരുന്നവർ ഇത്ര ജന്മമെടുക്കുന്നു. എങ്കിൽ മറ്റ് ധർമ്മത്തിൽ പെട്ടവർ എത്ര ജന്മമെടുക്കുന്നു എന്ന് കണക്കാക്കൂ. മാക്സിമം ഇത്ര ഉണ്ടാകും എന്ന് കണക്കാക്കി പറയണം. വൃക്ഷം വൃദ്ധി പ്രാപിച്ച് കൊണ്ടിരിക്കുന്നു. ഏറ്റവും ആദ്യം ദേവീ ദേവതമാരായിരുന്നു. അവർക്ക് തന്നെയാണ് 84 ജന്മം എന്ന് പറയുന്നത്. ഭാരത്തിന്റെ ജ്ഞാനമല്ലേ. പ്രാചീന ഭാരതത്തിന്റെ ജ്ഞാനം ആരാണ് തന്നത്? കൃഷ്ണനെ അംഗീകരിക്കില്ല. അത് ഭഗവാൻ തന്നെയാണ് നൽകിയത്. ജ്ഞാനസാഗരനായ ഗോഡ്ഫാദറല്ലേ. ബ്രഹ്മാവിനെ ജ്ഞാനസാഗരൻ എന്ന് പറയില്ല, കൃഷ്ണനേയും പറയില്ല. കൃഷ്ണന്റെ മഹിമ തന്നെ വേറെയാണ്. ഇത് മനസിലാക്കേണ്ട വ്യക്തമായ ജ്ഞാനമാണ്. എല്ലാവരുടേയും ഭഗവാൻ ഒരേയൊരു നിരാകാരനായ പരമപിതാ പരമാത്മാവാണ്. ആ പരമാത്മാവ് തന്നെയാണ് രചയിതാവ്. കൃഷ്ണൻ രചനയാണ്. ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്ന് മാത്രമല്ലേ. ആ ഭഗവാനെ സർവ്വവ്യാപി എന്ന് പറയുക സാധ്യമല്ല. ഭാരതത്തിൽ ഉയർന്നതിലും ഉയർന്നത് പ്രസിഡന്റാണ്, പിന്നെ നമ്പർ ക്രമത്തിൽ മറ്റുള്ളവർ. എല്ലാവരുടെ ജോലിയും പറയും. എല്ലാവരുടേതും ഒന്നല്ല. ഓരോ ആത്മാവിനും അവിനാശീ പാർട്ട് ലഭിച്ചിരിക്കുന്നു – ഇത് വ്യക്തമാക്കി കൊടുക്കണം. പരസ്പരം മാർഗങ്ങൾ പറഞ്ഞ് സേവനത്തിന്റെ പ്ലാൻ ഉണ്ടാക്കണം. എന്നാൽ ആരുടെ മാർഗമാണോ വ്യക്തമല്ലാത്തത്, ഏതെങ്കിലും വികാരമോ നാമരൂപങ്ങളിൽ പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ പ്ലാൻ നടക്കില്ല. ഇതിന് മാർഗം വളരെ വ്യക്തമായിരിക്കണം. റിസൾട്ട് അന്തിമത്തിലേ പുറത്ത് വരൂ. ഇപ്പോൾ എല്ലാവരും നമ്പർ ക്രമമാണ്. ആളുകൾ വ്യാസഭഗവാൻ ശാസ്ത്രങ്ങൾ രചിച്ചു എന്ന് പറയുന്നു, എന്നാൽ വ്യാസൻ ഭഗവാനല്ല. വാസ്തവത്തിൽ ധർമ്മ ശാസ്ത്രങ്ങൾ നാലെണ്ണമാണ്. ഭാരതത്തിന്റെ ധർമ്മ ശാസ്ത്രമാണ് ഒരേയൊരു മാതാ പിതാവായ ഗീത. സമ്പത്ത് അതിൽ നിന്നാണ് ലഭിക്കുന്നത്. അമ്മയിലൂടെ അച്ഛനിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ഗീതാ മാതാവിന്റെ അച്ഛൻ രചയിതാവാണ്. ഗീതയിലൂടെ തന്നേയാണ് അച്ഛൻ പ്രാചീന സഹജരാജയോഗത്തിന്റെ ജ്ഞാനം നൽകുന്നത്. ഗീത ഭാരതഖണ്ഡത്തിന്റെ ശാസ്ത്രമാണ്. പിന്നെ ഇസ്ലാം ധർമ്മത്തിലുള്ളവർക്ക് അവരുടെ ധർമ്മശാസ്ത്രം, ബുദ്ധധർമ്മക്കാർക്ക് അവരുടേത്, ക്രിസ്തുധർമ്മക്കാർക്ക് അവരുടേത്. ഗീതയാണ് എല്ലാറ്റിന്റേയും മാതാവും പിതാവും, ബാക്കി ശാസ്ത്രങ്ങളെല്ലാം കുട്ടികളാണ്. അവയെല്ലാം പിന്നീടാണ് വരുന്നത്. ബാക്കി ഇത്രയും വേദ ഉപനിഷത്തുകളെല്ലാം ഏത് ധർമ്മത്തിന്റേതാണ്? ഇതാരാണ് ഉച്ചരിച്ചത് എന്നും മനസിലാക്കണം. അവയിൽ ഏത് ധർമ്മമാണ് വന്നത്. ഏതൊരു ധർമ്മവും ഇല്ല. ഗീത ഖണ്ഡിച്ചു

എന്ന് ആദ്യം മനസിലാക്കണം. അച്ഛന്റെ പേരിന് പകരം മകന്റെ പേര് വെച്ചു എല്ലാവരുടെ ജീവിത ചരിത്രവും വേറെ വേറെയാണ്. ബാബ പറയുന്നു സർവ്വധർമ്മാൻ പരിത്യജ്യ.... എന്നെ മാത്രം ഓർമ്മിക്കൂ. പരമാത്മാവ് ആത്മാക്കളോട് പറയുന്നു – നിങ്ങൾ അശരീരിയാകൂ, എന്നെ ഓർമ്മിക്കൂ. അശരീരീ ബാബയ്ക്ക് മാത്രമേ ഇത് പറയാൻ സാധിക്കൂ. സന്യാസിമാർക്ക് പറയാൻ കഴിയില്ല. ഇത് ഗീതയിലെ അക്ഷരമാണ്. എല്ലാ ധർമ്മത്തിൽ പെട്ടവരോടും പറയുന്നു – അശരീരി ഭവ. ഇപ്പോൾ നാടകം പൂർത്തിയാകുന്നു. ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും ത്യജിച്ച് എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ എന്റെ അടുക്കൽ വരും എന്ന മന്ത്രം എല്ലാവർക്കും ലഭിക്കുന്നു. മുക്തിക്ക് ശേഷം തീർച്ചയായും ജീവന്മുക്തിയുണ്ടാകും. മുക്തി വഴി ജീവന്മുക്തി. ആര് വരികയാണെങ്കിലും സതോ, രജോ, തമോ കടന്ന് പോകുന്നു. എത്ര നന്നായി മനസിലാക്കി തരുന്നു. എന്നാൽ കുട്ടികൾ ഒരു ചെവിയിലൂടെ കേട്ട് മറു ചെവിയിലൂടെ പുറത്ത് വിടുന്നു. വളരെ ലളിതമെന്ന പോലെ.

നിങ്ങൾ ഓരോ സ്ഥലങ്ങളിലും പ്രദർശിനി നടത്തൂ, പത്രങ്ങളിലും കൊടുക്കൂ. ചിലവാക്കേണ്ടി വരും എല്ലാവരും കേൾക്കും. തീർച്ചയായും പത്രങ്ങളിൽ കൊടുക്കണം. കുട്ടികൾക്ക് വളരെ ലഹരി വേണം. ബാക്കി സമയം വളരെ കുറച്ചാണ് അവശേഷിക്കുന്നത്. അതീന്ദ്രിയ സുഖത്തെ കുറിച്ച് ഗോപ ഗോപികമാരോട് ചോദിക്കൂ. ഇവർ ഗോപീ വല്ലഭന്റെ ഗോപ ഗോപികമാരാണ് എന്ന് മഹിമ പാടിയിട്ടുണ്ട്. ഗോപ ഗോപികമാർ സത്യയുഗത്തിലോ കലിയുഗത്തിലോ അല്ല. അവിടെ ലക്ഷ്മീ ദേവിയും, രാധാ ദേവിയുമാണ്. ഗോപ ഗോപികമാർ ഇപ്പോഴാണ്, ഗോപീ വല്ലഭന്റെ കുട്ടികൾ പൗത്ര – പൗത്രിമാരാണ്. തീർച്ചയായും ദാദയും (മുത്തശ്ശൻ) ഉണ്ടാകും. ദാദ, ബാബ, മമ്മ – ഈ പുതിയ രചനയുണ്ടാകുന്നത് സംഗമത്തിലാണ്. ബാബ പറയുന്നു ഞാൻ കൽപ്പ കൽപ്പം, കൽപ്പത്തിലെ സംഗമയുഗത്തിൽ പുതിയ ലോകമുണ്ടാക്കുന്നതിന് വരുന്നു. ആസുരീയ സന്താനങ്ങളിൽ നിന്ന് നിങ്ങൾ ഈശ്വരീയ സന്താനങ്ങളാകുന്നു പിന്നീട് ദൈവിക സന്താനം. വീണ്ടും ക്ഷത്രിയ, വൈശ്യ, ശൂദ്ര സന്താനമാകും – 84 ജന്മങ്ങളിലൂടെ. ശേഷം അടിക്കടി വൃദ്ധിയും ഉണ്ടായി കൊണ്ടിരിക്കുന്നു. വൃക്ഷവും പൂർണ്ണമായും പൂർത്തിയാകണം. പ്രളയമൊന്നും ഉണ്ടാകുന്നില്ല. ഭാരതം അവിനാശീ ഖണ്ഡമാണ്. ഭാരതത്തിന്റെ വളരെ മഹിമ ചെയ്യണം. ഭാരതം എല്ലാ ഖണ്ഡങ്ങളിലും ശ്രേഷ്ഠമാണ്. ഒരിക്കലും വിനാശമുണ്ടാകുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## രാത്രി ക്ലാസ് – 16-4-68

നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്കല്ലാതെ മറ്റാർക്കും തന്നെ സംഗമയുഗം എപ്പോഴാണെന്ന് അറിയുകയില്ല. ഈ കൽപ്പത്തിലെ സംഗമയുഗത്തിന് വളരെ മഹിമയുണ്ട്. ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നു. സത്യയുഗത്തിന് വേണ്ടി തീർച്ചയായും സംഗമയുഗം വരിക തന്നെ ചെയ്യും. മനുഷ്യരുമുണ്ടാകും. അവരിൽ ചിലർ ഉത്തമരും, ചിലർ ചെറിയവരും. അവരുടെ മുന്നിൽ മഹിമ പാടുന്നു അങ്ങ് പുരുഷോത്തമനാണ്, ഞങ്ങൾ അധമരും. സ്വയം ഞാൻ ഇങ്ങിനെയാണ്, ഇങ്ങിനേയാണ് എന്ന് പറയുന്നു. ഇപ്പോൾ ഈ പുരുഷോത്തമ സംഗമയുഗത്തേ കുറിച്ച് നിങ്ങൾ ബ്രാഹ്മണരല്ലാതെ മറ്റാരും മനസിലാക്കുന്നില്ല. മനുഷ്യർക്ക് മനസിലാകുന്നതിന് ഇതിന്റെ പരസ്യം എങ്ങിനെ ചെയ്യും. സംഗമയുഗത്തിൽ ഭഗവാൻ തന്നേയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്. ഞങ്ങൾ രാജയോഗം പഠിച്ച് കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. മനുഷ്യർക്ക് മനസിലാകുന്നതിന് വേണ്ടി ഇപ്പോൾ എന്തെങ്കിലും യുക്തി രചിക്കണം. എന്നാൽ പതുക്കെയെ ഉണ്ടാകൂ. ഇപ്പോൾ സമയമായിരിക്കുന്നു. വളരെ പേർ പോയി കുറച്ച് മാത്രം അവശേഷിക്കും.... നമ്മൾ പറയുകയാണെങ്കിൽ ആളുകൾ വേഗം പുരുഷാർത്ഥം ചെയ്യും. അല്ലെങ്കിൽ ജ്ഞാനം സെക്കന്റിൽ ലഭിക്കുന്നു, അതിലൂടെ നിങ്ങൾ ആ സമയം തന്നെ സെക്കന്റിൽ ജീവന്മുക്തി നേടും. എന്നാൽ നിങ്ങളുടെ തലയിൽ അരകൽപ്പത്തെ പാപമുണ്ട്, അത് ഒരിക്കലും സെക്കന്റിൽ മുറിഞ്ഞ് പോകില്ല. അതിന് സമയമെടുക്കും. മനുഷ്യർ കരുതുന്നു, ഇനിയും സമയമുണ്ട്, ഇപ്പോൾ ഞങ്ങൾ എന്തിന് ബ്രഹ്മാകുമാരിമാരുടെ അടുക്കൽ പോകണം . ലിറ്ററേച്ചറിലുള്ളതിനെ തലകീഴായും എടുക്കുന്നു. ഭാഗ്യത്തില്ലാ എങ്കിൽ തലകീഴായി എടുക്കുന്നു. ഇത് പുരുഷോത്തമനാകുന്നതിനുള്ള യുഗമാണെന്ന് നിങ്ങൾ മനസിലാക്കിയിരിക്കുന്നു. വജ്ര തുല്യം എന്ന് പാടിയിട്ടില്ലേ. പിന്നീട് കുറഞ്ഞ് പോകുന്നു. സ്വർണിമ യുഗം, സിൽവർ യുഗം. ഈ സംഗമയുഗമാണ് വജ്രയുഗം. സത്യയുഗം സ്വർണിമയുഗം. സ്വർഗത്തേക്കാൾ ഈ സംഗമം നല്ലതാണ് എന്ന് നിങ്ങൾക്കറിയാം, വജ്ര തുല്യ ജന്മം. അമരലോകത്തേ കുറിച്ച് മഹിമ പാടിയിട്ടില്ലേ. പിന്നെ കുറഞ്ഞ് പോകുന്നു. പുരുഷോത്തമ സംഗമയുഗം വജ്രമാണ്, സത്യയുഗം സ്വർണമാണ്, ത്രേത സിൽവറും.... ഇതും എഴുതിവെക്കാം. ഇതും നിങ്ങൾക്ക് മനസിലാക്കി കൊടുക്കാം–

സംഗമത്തിൽ തന്നേയാണ് നമ്മൾ മനുഷ്യനിൽ നിന്ന് ദേവതയാകുന്നത്. അഷ്ടരത്നങ്ങൾ ഉണ്ടാക്കുന്നില്ലേ. വജ്രത്തെ നടുവിൽ വെക്കുന്നു. സംഗമത്തിന്റെ പ്രത്യക്ഷത ഉണ്ടാകുന്നു. സംഗമയുഗം തന്നേയാണ് വജ്രം പോലെയുള്ളത്. സംഗമയുഗത്തിനാണ് വജ്രത്തിന്റെ ബഹുമാനം. യോഗങ്ങളും മറ്റും പഠിപ്പിക്കുന്നു, എന്നിട്ട് അതിനെ ആത്മീയയോഗം എന്ന് പറയുന്നു. എന്നാൽ ബാബ മാത്രമാണ് ആത്മീയം. ആത്മീയ അച്ഛനേയും ആത്മീയ ജ്ഞാനവും ഈ സംഗമത്തിൽ മാത്രമാണ് ലഭിക്കുന്നത്. ദേഹാഹങ്കാരമുള്ള മനുഷ്യർ അത്ര പെട്ടെന്ന് എങ്ങിനെ മാനിക്കാനാണ്. ദരിദ്രർക്കും മറ്റും മനസിലാക്കി കൊടുക്കുന്നു. അപ്പോൾ സംഗമയുഗം വജ്രമാണെന്നും എഴുതണം. അതിന്റെ ആയുസ്സ് ഇത്രയാണ്. സത്യയുഗം സ്വർണിമയുഗമാണ് അതിന്റെ ആയുസ്സ് ഇത്രയാണ്. ശാസ്ത്രങ്ങളിലും സ്വസ്തിക് ഉണ്ടാക്കി വെക്കുന്നു. നിങ്ങൾ കുട്ടികളും ഇത് ഓർമ്മിക്കുകയാണെങ്കിൽ എത്ര സന്തോഷമുണ്ടാകും. വിദ്യാർത്ഥികൾക്ക് സന്തോഷമുണ്ടാകില്ലേ. വിദ്യാർത്ഥി ജീവിതം ഏറ്റവും നല്ല ജീവിതമാണ്. ഇത് വരുമാനമാർഗമാണ്. ഇത് മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിനുള്ള പാഠശാലയാണ്. ദേവതമാർ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഇതും നിങ്ങൾക്കറിയാം. അതിനാൽ അതിയായ സന്തോഷമുണ്ടാകണം, അതു കൊണ്ടാണ് അതീന്ദ്രിയ സുഖം ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന് മഹിമ പാടിയിട്ടുള്ളത്. ശിക്ഷകൻ അന്തിമം വരെ പഠിപ്പിക്കുന്നു അതിനാൽ അന്തിമം വരെ ഓർമ്മിക്കുകയും വേണം. ഭഗവാൻ പഠിപ്പിക്കുന്നു പിന്നെ ഭഗവാൻ കൂടെ കൊണ്ട് പോകുകയും ചെയ്യുന്നു. മുക്തിദാതാവേ എന്ന് വിളിക്കുകയും ചെയ്യുന്നുണ്ട്. ദു:ഖത്തിൽ നിന്ന് മോചിപ്പിക്കൂ. സത്യയുഗത്തിൽ ദു:ഖം ഉണ്ടാകുകയേ ഇല്ല. വിശ്വത്തിൽ ശാന്തി വേണം എന്ന് പറയാറുണ്ട്. മുമ്പ് എപ്പോഴുണ്ടായിരുന്നു എന്ന് പറയൂ. അത് ഏത് യുഗമായിരുന്നു ?ആർക്കും അറിയില്ല. രാമരാജ്യം സത്യയുഗവും, രാവണരാജ്യം കലിയുഗവും. ഇത് അറിയില്ലേ. കുട്ടികളെ അനുഭവം കേൾപ്പിക്കണം. എന്ത് കേൾപ്പിക്കാം ഹൃദയത്തിലെ കാര്യങ്ങൾ . വജ്ര തുല്യ ജന്മം. പരിധിയില്ലാത്ത ചക്രവർത്തീ പദവി നൽകുന്ന പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു മറ്റെന്ത് അനുഭവം കേൾപ്പിക്കാനാണ്. വേറേ കാര്യമൊന്നും ഇല്ല. ഇത് പോലൊരു സന്തോഷം വേറൊന്നും ഉണ്ടാകില്ല. വാസ്തവത്തിൽ ആരും ആരോടും പിണങ്ങി വീട്ടിൽ ഇരിക്കേണ്ടതില്ല. അത് സ്വന്തം ഭാഗ്യത്തോട് പിണങ്ങുന്ന പോലേയാണ്. പഠിത്തത്തോട് പിണങ്ങിയാൽ പിന്നെ എന്ത് പഠിക്കും? ബാബക്ക് ബ്രഹ്മാവിലൂടെ പഠിപ്പിക്കുക തന്നേ വേണം. അതിനാൽ ഒരിക്കലും പരസ്പരം പിണങ്ങരുത്. ഇത് മായയാണ്. യജ്ഞത്തിൽ അസുരന്മാരുടെ വിഘ്നം ഉണ്ടാകാറില്ലേ. ശരി.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ബാബ എന്താണോ കേൾപ്പിക്കുന്നത് അത് ഒരു ചെവിയിലൂടെ കേട്ട് മറു ചെവിയിലൂടെ പുറത്ത് കളയരുത്. ജ്ഞാനത്തിന്റെ ലഹരിയിലിരുന്ന് അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യണം.

2) എല്ലാവർക്കും സെക്കന്റിൽ ജീവന്മുക്തിയുടെ അധികാരം നൽകുന്നതിന് വേണ്ടി ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും ത്യജിച്ച് ബാബയെ ഓർമ്മിക്കൂ എന്ന മഹാമന്ത്രം കേൾപ്പിക്കണം.

## വരദാനം:- ക്ലിയർ ബുദ്ധിയിലൂടെ ഓരോ കാര്യത്തെയും തിരിച്ചറിഞ്ഞ് യഥാർത്ഥ നിർണ്ണയം നടത്തുന്ന സഫലതാമൂർത്തിയായി ഭവിക്കൂ

എത്രത്തോളം ബുദ്ധി ക്ലിയറാണോ അത്രത്തോളം വേർതിരിച്ചറിയാനുള്ള ശക്തി പ്രാപ്തമാകുന്നു. കൂടുതൽ കാര്യങ്ങൾ ചിന്തിക്കുന്നതിന് പകരം ഒരു ബാബയുടെ ഓർമ്മയിൽ കഴിയൂ, ബാബയോട് ക്ലിയറായിരിക്കുകയാണെങ്കിൽ ഓരോ കാര്യത്തെയും സഹജമായി തന്നെ വേർതിരിച്ചറിഞ്ഞ് യഥാർത്ഥ നിർണ്ണയം എടുക്കാൻ സാധിക്കും. ഏത് സമയം ഏതുപോലെ പരിസ്ഥിതി, ഏതുപോലെ സംബന്ധ-സമ്പർക്കത്തിലുള്ളവരുടെ അവസ്ഥ, ആ സമയം അതനുസരിച്ച് പോകുക, അതിനെ തിരിച്ചറിഞ്ഞ് നിർണ്ണയം എടുക്കുക ഇതും വളരെ വലിയ ശക്തിയാണ് അത് സഫലതാമൂർത്തിയാക്കി മാറ്റുന്നു.

## സ്ലോഗൻ:- ജ്ഞാന സൂര്യനായ ബാബയോടൊപ്പം ഭാഗ്യ നക്ഷത്രം അവരാണ് ആരാണോ ലോകത്തിൽ നിന്ന് അന്ധകാരത്തെ ഇല്ലാതാക്കുന്നത്, അന്ധകാരത്തിൽ വരുന്നവരല്ല.